# തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Chithra S IAS)

## സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം- 2025 - വിവിധകാരണങ്ങളാൽ സേവനത്തിൽ പ്രവേശിക്കാൻ കഴിയാത്ത ജീവനക്കാർക്ക് പുതിയ സ്റ്റേഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ് നമ്പർ LSGD/PD/20426/2025-DEC5 തീയതി: 29-07-2025

പരാമർശം: 1) ഈ കാര്യാലയത്തിലെ 12.07.2025 ലെ ഇതേ നമ്പർ ഉത്തരവ്.

2) ഈ കാര്യാലയത്തിലെ 21.07.2025 ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയായ സീനിയർ ക്ലാർക്ക് സമാന തസ്തികകളിലെ 2025 ലെ പൊതുസ്ഥലംമാറ്റ പട്ടിക അന്തിമമാക്കി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിന് ശേഷവും താഴെ വിശദീകരിക്കുന്ന കാരണങ്ങളാൽ അതോടൊപ്പം വിവരിക്കുന്ന ജീവനക്കാർക്ക് സേവനത്തിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്.

1. 2025 ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ **മുളക്കുഴ ഗ്രാമപഞ്ചായത്തിലേക്ക്** സ്ഥലംമാറ്റം ലഭിച്ച **ശ്രീമതി. ദീപ്തി എസ്. നായർ** ന് ടി സ്ഥാപനത്തിൽ ഒഴിവില്ലാത്തതിനാൽ സേവനത്തിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തപ്പെട്ട ജീവനക്കാരനെ സ്റ്റൈങ്ങിൽ നിന്നും ഒഴിവാക്കിയത് പ്രകാരം ഉണ്ടായ ഒഴിവിലും ടിയാനു സ്ഥലം മാറ്റം നൽകിയ ഒഴിവിലും ഓൺലൈൻസ്ഥലം മാറ്റം മുഖേന ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്. സ്റ്റൈങ്ങിൽ ഉൾപ്പെടാത്ത ജീവനക്കാരന് സ്ഥലംമാറ്റം അനുവദിച്ചാൽ പകരം ജീവനക്കാരനെ നിയമിക്കാൻ ഒഴിവ് ലഭ്യമാകാത്തതാണ്. എന്നാൽ ഓൺലൈൻ സ്ഥലംമാറ്റത്തിൽ ആയതിന് പകരം ജീവനക്കാരനെ നിയമിച്ചതാണ് അപാകതക്ക് കാരണം. ടി അപാകത പരിഹരിക്കുന്നതിന് ആ സ്റ്റേഷനിൽ നിയമിതരായതിൽ ക്യൂലിസ്റ്റ് പ്രകാരം ജൂനിയർ ആയ ജീവനക്കാരിയെ സ്ഥലംമാറ്റി നിയമിക്കേണ്ടതുണ്ട്. ടിയാളുടെ ഓപ്ഷനുകൾ പരിശോധിച്ചതിൽ ടിയാൾ നിലവിൽ ഒഴിവുള്ള ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലേക്ക് ഓപ്ഷൻ നല്കിയിട്ടുള്ളതായി കാണുന്നു.
2. കോഴിക്കോട് ജില്ലയിലെ **ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ** ഒരു ഒഴിവിലേക്ക് ഓൺലൈൻ പൊതുസ്ഥലംമാറ്റം മുഖേന രണ്ട് ജീവനക്കാരെ നിയമിച്ചിട്ടുള്ളതായി കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്റ്റേഷനിലേക്ക് നിയമിക്കപ്പെട്ടതിൽ ക്യൂ ലിസ്റ്റ് പ്രകാരം ജൂനിയർ ആയ **ശ്രീമതി. അനുഷ പി.യു.** വിന് ഓപ്ഷനുകൾ പരിശോധിച്ചതിൽ ടിയാളുടെ ഓപ്ഷനുകളിൽ ഒഴിവ് ലഭ്യമല്ലാത്തതാണെന്ന് കാണുന്നു.
3. ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥാനക്കയറ്റം നേടിയ **ശ്രീമതി. നിഷ. എസ്. ബാബു** വിനെ സീനിയർ ക്ലാർക്ക് തസ്തികയിൽ **തിരൂർ നഗരസഭയിൽ** നിയമിച്ചിരുന്നു. ടി സ്റ്റേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ തുടർന്നിരുന്ന ശ്രീ. ഉണ്ണികൃഷ്ണൻ ചൊപ്പി പൊതു സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നെങ്കിലും ടിയാനെ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തിയതുമായി ബന്ധപ്പെട്ടുള്ള കോടതി വ്യവഹാര പ്രകാരം സ്റ്റേ നിലനില്ക്കുന്നതിനാൽ ടിയാൻ ടി സ്റ്റേഷനിൽ നിന്നും റിലീവ് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലാണ് തിരൂർ നഗരസഭയിൽ ഒഴിവ് ലഭ്യമല്ലാതെ വന്നിട്ടുള്ളത്. **ശ്രീമതി. നിഷ. എസ്. ബാബു** വിന് പുതിയ സ്റ്റേഷൻ അനുവദിച്ച് നൽകേണ്ടതുണ്ട്.
4. ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച 3

ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്. എന്നാൽ ടി പഞ്ചായത്ത് പ്രസിഡന്റ് സസ്പെന്റ് ചെയ്തിട്ടുള്ള ഒരു ജീവനക്കാരൻ ബഹു. കോടതിയെ സമീപിക്കുകയും ടി സ്റ്റേഷനിൽ തന്നെ തുടരുകയും ചെയ്യുന്നതിനാൽ നിലവിൽ ടി സ്റ്റേഷനിൽ രണ്ട് ഒഴിവുകളേ ലഭ്യമുള്ളൂ. മേൽ സാഹചര്യത്തിൽ സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരം നിയമിതരായിട്ടുള്ളവരിൽ ഒരാളെ മാറ്റി നിയമിക്കേണ്ടതുണ്ട്.

5. **തിരുവനന്തപുരം നഗരസഭ**യിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള **ശ്രീമതി. ഗീതു. ജി.**യ്ക്ക് ഒഴിവ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ സേവനത്തിൽ പ്രവേശിക്കാൻ സാധിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ജനറൽ ട്രാൻസ്ഫർ സൈറ്റ് പ്രകാരം ടിയാളുടെ ഓപ്ഷനുകൾ പരിശോധിച്ചതിൽ ടിയാളുടെ ഓപ്ഷൻ സ്റ്റേഷനുകളിൽ നിലവിൽ ഒഴിവ് ലഭ്യമല്ലാത്തതാണ്. ആയതിനാൽ ഭരണസൌകര്യാർത്ഥം ടിയാളുടെ ഓപ്ഷനിൽ ഒഴിവ് വരുന്നതുവരെ താത്കാലിക ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

മേൽ സാഹചര്യത്തിൽ ടി ജീവനക്കാർക്ക് താഴെ പട്ടികയിൽ പറയും പ്രകാരം സ്റ്റേഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് നിലവിലെ ഓഫീസ് | പെൻ നം | നിയമനം നല്കുന്ന ഓഫീസ് | റിമാർക്സ് |
|---|---|---|---|---|
| 1 | ദീപ്തി എസ് നായർ<br>ചളവറ ഗ്രാമപഞ്ചായത്ത്<br>പാലക്കാട് (നിലവിൽ മുളക്കുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ നിയമിച്ചത്) | 927077 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്<br>ആലപ്പുഴ | ഓപ്ഷൻ |
| 2 | അനുഷ പി.യു<br>വാഴയൂർ ഗ്രാമപഞ്ചായത്ത്<br>മലപ്പുറം ((നിലവിൽ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് , കോഴിക്കോട് നിയമിച്ചത്) | 821786 | ജോയിൻ്റ് ഡയറക്ടറുടെ ഓഫീസ്, എൽ.എസ്.ജി.ഡി, മലപ്പുറം | ഓപ്ഷനിൽ ഒഴിവ് വരുന്നത് വരെ ഭരണസൗകര്യാർത്ഥമുള്ള താത്കാലിക ക്രമീകരണം |
| 3 | ഗീതു ജി,<br>ആലുവ നഗരസഭ,<br>എറണാകുളം.<br>(നിലവിലെ ഉത്തരവ് പ്രകാരം തിരുവന്തപുരം നഗരസഭ) | G53764 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം | ഓപ്ഷനിൽ ഒഴിവ് വരുന്നത് വരെ ഭരണസൗകര്യാർത്ഥമുള്ള താത്കാലിക ക്രമീകരണം |

| | | | | |
|---|---|---|---|---|
| | | | | |
| 4 | നിഷ എസ്. ബാബു,<br>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്,<br>ആലപ്പുഴ.<br>(നിലവിലെ ഉത്തരവ് പ്രകാരം തിരൂർ<br>നഗരസഭയിൽ നിയമിച്ചത്) | 890470 | മലപ്പുറം നഗരസഭ | ബഹു. ഹൈക്കോടതി സ്റ്റേ ഉള്ളതിനാൽ നിലവിൽ അനുവദിച്ച സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് കഴിയാത്തതിനാൽ പുതിയ സ്റ്റേഷൻ അനുവദിക്കുന്നു. |
| 5 | അലക്സ് എം. ജോൺ,<br>പാമ്പാടി ഗ്രാമപഞ്ചായത്ത്,<br>കോട്ടയം.<br>(നിലവിലെ ഉത്തരവ് പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത്,<br>ഇടുക്കി) | 930518 | ദേവികുളം ബ്ലോക്ക് പഞ്ചായത്ത്,<br>ഇടുക്കി. | സ്റ്റേഷനിൽ ഒഴിവ് ലഭ്യമല്ലാത്തതിനാൽ സ്ഥാനക്കയറ്റ ഉത്തരവിലെ പുന:ക്രമീകരണം |

- വിവിധ കാരണങ്ങളാൽ സേവനത്തിൽ പ്രവേശിക്കാൻ കഴിയാത്ത ജീവനക്കാർക്ക് ടി അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായും ഭരണസൌകര്യാർത്ഥവും പുറപ്പെടുവിച്ചിട്ടുള്ള ഈ ഉത്തരവ് പ്രകാരം ഓപ്ഷൻ സ്റ്റേഷനുകളിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം അവരുടെ ഓപ്ഷന് പുറത്ത് നിയമനം നല്കിയിട്ടുള്ള പക്ഷം ടിയാളുകളുടെ ഓപ്ഷൻ സ്റ്റേഷനുകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം ലഭ്യമാക്കുന്നതിന് പ്രഥമ പരിഗണന നല്കുന്നതാണ്.
- ഈ ഉത്തരവ് പ്രകാരം സ്റ്റേഷൻ അനുവദിക്കപ്പെട്ട ജീവനക്കാർ അടിയന്തരമായി നിലവിലെ സ്റ്റേഷനിൽ നിന്നും വിടുതൽ ചെയ്യേണ്ടതും ഉത്തരവ് പ്രകാരം ലഭ്യമായിട്ടുള്ള പുതിയ സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്.
- പരാമർശങ്ങൾ പ്രകാരമോ സ്ഥാനക്കയറ്റ ഉത്തരവുകൾ പ്രകാരമോ വിവിധ സ്റ്റേഷനുകളിൽ നിന്ന് വിടുതൽ വാങ്ങി പുതിയ സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ടി ജീവനക്കാർക്ക് നിലവിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള സ്റ്റേഷനിൽ തുടരുന്നതിന് അർഹതയില്ലാത്തതും സ്ഥാപനമേധാവികൾ അത്തരം ജീവനക്കാരെ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാർ ഈ ഉത്തരവ് പ്രകാരമുള്ള പുതിയ സ്റ്റേഷനിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്.
- നിലവിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ള ജീവനക്കാർ പുതിയ ഉത്തരവ് പ്രകാരമുള്ള സ്റ്റേഷനുകളിൽ സേവനത്തിൽ പ്രേവേശിക്കേണ്ടതാണ്.
- ടി ജീവനക്കാരുടെ വിടുതൽ/സേവനത്തിൽ പ്രവേശിക്കൽ എന്നിവ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും ജില്ലാ ജോയിന്റ് ഡയറക്ടർമാർ ടി വിവരം ക്രോഡീകരിച്ച് മാത്രം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. റിലീവിംഗ്/ജോയിനിംഗ് റിപ്പോർട്ടുകൾ സ്ഥാപനമേധാവികൾ നേരിട്ട് ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല.
- 2025 ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ

അപേക്ഷയുടെ അന്തിമ തീർപ്പിന് വിധേയമായി മേൽ നിയമനങ്ങളും പുന:പരിശോധിക്കുന്നതായിരിക്കും. ടി ജീവനക്കാരെ പുന:പരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റേണ്ടുന്നതായി കാണുന്നപക്ഷം നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇത്തരത്തിൽ പുന:പരിശോധനയുടെ ഭാഗമായി സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ അതേ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ്:

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
2. എല്ലാ സ്ഥാപനമേധാവികൾക്കും. (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന)
3. ബന്ധപ്പെട്ട ജീവനക്കാർക്ക് (നിലവിലെ സ്ഥാപന മേധാവികൾ മുഖേന)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Shaji Clement
Date: 29-07-2025 10:23:38